# കേരള സർവകലാശാല
## (സംഗ്രഹം)

വിദ്യാഭ്യാസ ആനുകൂല്യങ്ങൾ - പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗം പഠിതാക്കൾക്ക് - അനുവദിച്ചിട്ടുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതേ തോതിൽ - മത്സ്യത്തൊഴിലാളികളുടെ, മക്കൾക്കും അനുവദിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് - കേരള സർവകലാശാലയിൽ നടപ്പിലാക്കുന്നത് - സംബന്ധിച്ച് -

---

## അക്കാഡമിക് 'ബി.1' .വിഭാഗം

സർവകലാശാല/ഉ.നം/എ.സി.ബി.1/11631/2011 തീയതി, തിരുവനന്തപുരം 05-04-2011.

---

പരാമർശം:- 1. സ.ഉ.(കൈ) നം.21/11/മ.തു.വ. തിരുവനന്തപുരം, തീയതി 28-02-2011.

## ഉത്തരവ്

സിൻഡിക്കേറ്റിന്റെ അഭാവത്തിൽ കേരള യൂണിവേഴ്സിറ്റി ആക്ട് 1974 ന്റെ മൂന്നാം അദ്ധ്യായം 10 (13) വകുപ്പ് പ്രകാരം വൈസ് ചാൻസലറിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് കേരള സർവകലാശാലയിൽ നടപ്പിലാക്കിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുന്നു.

സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

വൈസ് ചാൻസലറുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്
ധർമ്മദാസ്. കെ.ജി.
ഡെപ്യൂട്ടി രജിസ്ട്രാർ (അക്കാഡമിക് 1)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:-

1. വൈസ്-ചാൻസലർ / പ്രോ-വൈസ്-ചാൻസലർമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
3. ജോയിന്റ് രജിസ്ട്രാർ / ഡപ്യൂട്ടി രജിസ്ട്രാർ / അസിസ്റ്റന്റ് രജിസ്ട്രാർ (അക്കാഡമിക് സെക്ഷൻ)
4. എ.സി. എ.1/ എ.സി.ബി/എ.സി.എ.2/എ.സി.എ.3. / എ.സി.എ.4/ എ.സി.ഡി. /പി.ആർ.ഒ./റവന്യൂ ആഡിറ്റ് എന്നീ വിഭാഗങ്ങൾക്ക്.
5. എല്ലാ അംഗീകൃത കോളേജ് പ്രിൻസിപ്പൽമാർക്കും, ഡയറക്ടർ, യു.ഐ.റ്റി. സെന്ററുകൾക്കും/എല്ലാ ബി.എഡ്. സെന്ററുകൾക്കും.
6. ഓഫീസ് കോപ്പി / സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

OFFICE OF THE REGISTRAR
UNIVERSITY OF KERALA
THIRUVANANTHAPURAM-34
7 MAR 2011
011631
No..........

ACB-I

കേരള സർക്കാർ

സംഗ്രഹം

മത്സ്യബന്ധന-തുറമുഖ വകുപ്പ് – പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗ വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള മുഴുവൻ വിദ്യാഭ്യാസ ആനുകൂല്യങ്ങളും അതേതോതിൽ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും അനുവദിച്ച് ഉത്തരവാകുന്നു.

---

മത്സ്യബന്ധന-തുറമുഖ (സി) വകുപ്പ്

സ.ഉ (കൈ) നം. 21/ 11 /മതുവ. തിരുവനന്തപുരം, തീയതി. 28/2/2011

---

പരാമർശം:
1. സ.ഉ. (അച്ചടി)നം. 50/09/ പജ.പവ.വി.വ. തീയതി. 2/7/09
2. സ.ഉ. (എം.എസ്) നമ്പർ 55/09/മതുവ. തീയതി. 1/8/09.
3. ഫിഷറീസ് ഡയറക്ടറുടെ 30/12/09, 28/6/10, 29/1/11 എന്നീ തീയതികളിലെ ഡി.1/19954/03 നമ്പർ കത്ത്.

ഉത്തരവ്

പട്ടികജാതി/പട്ടികവർഗ്ഗ/മറ്റർഹ വിഭാഗം വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ 2009-10 വിദ്യാഭ്യാസ വർഷം മുതൽ, ഫിഷറീസ് വകുപ്പു മുഖാന്തരം, രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങളിൽനിന്നുള്ള പഠിതാക്കൾക്കും അനുവദിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവു പുറപ്പെടുവിച്ചിരുന്നു. എന്നാൽ ഇതിനിടയിൽത്തന്നെ നിലവിൽ മേല്പറഞ്ഞ പട്ടിക/മറ്റർഹ വിഭാഗം പഠിതാക്കൾക്ക് ലഭ്യമായ എല്ലാ ആനുകൂല്യങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായി പുതുക്കിയ ഒരു ഉത്തരവ് പരാമർശം (1) പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ് പുറപ്പെടുവിച്ചിരുന്നു.

2. പട്ടികജാതി/വർഗ്ഗ വിഭാഗക്കാരുടെ മക്കൾക്ക് ലഭിച്ചുവരുന്ന എല്ലാ ആനുകൂല്യങ്ങളും ഇപ്പോൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ലഭിക്കുന്നില്ലെന്നും അവ മത്സ്യത്തൊഴിലാളികുട്ടികൾക്കുംകൂടി നൽകണമെന്നുമുള്ള നിരവധി നിവേദനങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പരാമർശം (2) ലെ ഉത്തരവിൽ പരാമർശിക്കാതിരുന്നതും പരാമർശം (1) ലെ പട്ടികജാതി / പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ഉത്തരവുപ്രകാരം കൂട്ടിച്ചേർക്കപ്പെട്ടതുമായ അധിക ആനുകൂല്യങ്ങൾ മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലഭ്യമാക്കണമെന്ന് പരാമർശം (3) മുഖേന ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) ൽ ഉൾക്കൊള്ളിക്കാതിരുന്നതും പരാമർശം (1)-ൽ ഉൾക്കൊള്ളിച്ച് പട്ടികജാതി / പട്ടികവർഗ്ഗ / മറ്റർഹ വിഭാഗം പഠിതാക്കൾക്ക് ലഭ്യമാക്കിയതുമായ, എല്ലാ വിദ്യാഭ്യാസ ആനുകൂല്യങ്ങളും പരാമർശം (1) ഉത്തരവിൽ പറയുന്ന വ്യവസ്ഥകൾക്കു വിധേയമായി രജിസ്റ്റേർഡ് മത്സ്യത്തൊഴിലാളികളുടെ മക്കളായ പഠിതാക്കൾക്കുംകൂടി 2010-11 വിദ്യാഭ്യാസ വർഷം മുതൽ അനുവദിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

4. ഇതിലേക്കാവശ്യമായിവരുന്ന തുക "2405-00-800-92-മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം നോൺ പ്ലാൻ" എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

ഗവർണറുടെ ഉത്തരവിൻപ്രകാരം
കെ.ആർ. ജ്യോതിലാൽ
സെക്രട്ടറി.

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്.
ഡയറക്ടർ, പട്ടിക വർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്), കേരളം, തിരുവനന്തപുരം-39
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരളം, തിരുവനന്തപുരം-39
രജിസ്ട്രാർ, കേരള യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, കൊച്ചിൻ യൂണിവേഴ്സിറ്റി ഓഫ് സയൻസ് & ടെക്നോളജി.
രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, കാലിക്കറ്റ് യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, കണ്ണൂർ യൂണിവേഴ്സിറ്റി.
രജിസ്ട്രാർ, കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി, മണ്ണുത്തി.
കമ്മീഷണർ, എൻട്രൻസ് എക്സാമിനേഷൻസ്, തിരുവനന്തപുരം.
ഡയറക്ടർ, കോളേജിയേറ്റ് എഡ്യുക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ടെക്നിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ആയുർവ്വേദ മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
ഡയറക്ടർ, മെഡിക്കൽ എഡ്യുക്കേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ & കൺട്രോളിംഗ് ഓഫീസർ, ഹോമിയോപ്പതിക് മെഡിക്കൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ് ഐരാണിമുട്ടം, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്, തിരുവനന്തപുരം.
ഹയർ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്.
ഹെൽത്ത് & ഫാമിലി വെൽഫയർ ഡിപ്പാർട്ട്മെന്റ്
അഗ്രിക്കൾച്ചർ ഡിപ്പാർട്ട്മെന്റ്
ജനറൽ എഡ്യുക്കേഷൻ ഡിപ്പാർട്ട്മെന്റ്
പട്ടികജാതി /പട്ടിക വർഗ്ഗ വികസന വകുപ്പ്
ധനകാര്യ വകുപ്പ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:

ഫിഷറീസും രജിസ്ട്രേഷനും വകുപ്പു മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ഫിഷറീസ് സെക്രട്ടറിയുടെ സി.എ.
ഫിഷറീസ് അഡീഷണൽ സെക്രട്ടറിയുടെ സി.എ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ